ശ്രീ. ഗാസ്റ്റർ ഡിസിൽവാ: അതാതുവർഷത്തെ പണി അതാതുവർഷം തീർക്കാതെ അനവധി പണം ലാപ്സാക്കുന്നതുപോലെ ഈയാണ്ടിലും തുക ലാപ്സാക്കിക്കളയുകയില്ലേ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: നിവൃത്തിയുള്ളിടത്തോളം ലാപ്സാക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്.

Sri. P. S. Nataraja Pillai: May I know whether there is not a provision in the P. W. D. Code that the expenditure incurred in the last quarter of the year should not be higher than that incurred in the previous quarter?

Sri. G. Chandrasekhara Pillai: Yes, there is a rule like that.

ക്ഷാമബത്ത

*൧൩൬. (൧൪) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ ചേർക്കുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

(എ) പരിഷ്കരിച്ച നിരക്കിലുള്ള ക്ഷാമബത്ത പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാർക്കും അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്തു നടപടിയെടുത്തു?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ഉണ്ട്. കൊച്ചിൻ പ്രൈമറിസ്കൂൾ അസോസിയേഷനിൽ നിന്നും മുച്ചി ഗുപ്തിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) നിവേദനം വിദ്യാഭ്യാസ ഡയറക്ടരുടെ അടിയന്തിരമായ ശ്രദ്ധയിൽ പെടുത്തിയിരിക്കുന്നു. അതിന്റെ വിശദാംശങ്ങൾ പരിശോധിച്ചു തീരുമാനത്തിനു വേണ്ടിവരുന്ന ചിലവു തിട്ടപ്പെടുത്തിയശേഷം വേണ്ട ഉത്തരവു പുറപ്പെടുവിക്കുന്നതായിരിക്കും.

ശ്രീ. അലക്സാണ്ടർ വാകയിൽ: പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാർക്ക് ക്ഷാമബത്ത ഇതുവരെ അനുവദിച്ചുകൊടുക്കാത്തതിൽ വല്ല കാരണവുമുണ്ടോ?

ശ്രീ. എൽ. എം. പൈലി: അവരുടെ ക്ഷാമബത്തയെപ്പറ്റി ശ്രുതഗതിയിൽ നടപടികൾ എടുക്കുകയാണ്. പെട്ടെന്നു തീരുമാനമുണ്ടാക്കാം.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാർക്ക് ഇതുവരെ ക്ഷാമബത്ത കൊടുക്കാത്തതുകൊണ്ട് അവർ പ്രതിഷേധം പറഞ്ഞുവിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. എൽ. എം. പൈലി: അറിഞ്ഞുകൂടാ.

റേഷൻ

*൧൩൭. (൧൫) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ കാണിച്ചിട്ടുള്ള ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പ്രായപൂർത്തിവന്ന ഒരു വ്യക്തിക്ക് പ്രതിദിനം ഇപ്പോൾ എത്ര ഔൺസ് റേഷൻ അരി വീതമാണ് കൊടുക്കുന്നത്;

(ബി) ഈ റേഷൻ കുറവിനുള്ള കാരണം എന്ത്;

(സി) റേഷൻ വർദ്ധിപ്പിക്കുവാനുദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ എത്ര; എന്നു മുതൽ?

LIBRARY ARCHIVES Kerala Legislative Assembly